# कालातिवर्तिनी कला





सुप्रसिद्ध कूटियाट्टकलाकारः भवति पद्मश्री. पी. के. नारायणन् नम्प्यार् महोदयः । तेन सह संस्कृतछात्रैः आयोजितस्य साक्षात्कारस्य प्रसक्तः भागः ।

സുപ്രസിദ്ധ കൂടിയാട്ടകലാകാരനാകുന്ന പദ്മശ്രീ. പി. കെ. നാരായണൻ നമ്പ്യാർ മഹോദയൻ . അദ്ദേഹവുമൊന്നിച്ച് സംസ്കൃതവിദ്യാർത്ഥികൾ നടത്തിയ സാക്ഷാത്കാരത്തിന്റെ(കൂടിക്കാഴ്ചയുടെ) പ്രസക്തഭാഗം.




महात्मन् , अभिवादयामहे वयम् ।
अपि कुशली । संस्कृतछात्राःस्मः ।

മഹാത്മാൻ അങ്ങയെ അഭിവാദനം ചെയ്യുന്നു. സുഖമല്ലേ സംസ്കൃതവിദ്യാർത്ഥികളാണ് ഞങ്ങൾ

स्वस्त्यस्तु ।को विशेषः?

സുഖം തന്നെ . എന്താണ് വിശേഷം ?






जिज्ञासवो वयं कूटियाट्टमधिकृत्य ।

കൂടിയാട്ടത്തെക്കുറിച്ച് ഞങ്ങൾ അറിയാൻ ആഗ്രഹിക്കുന്നു

पृच्छन्तु यथेच्छम् ।

ചോദിച്ചാലും ഇഷ്ടംപോലെ






सन्ति बह्व्यः कलाः भारतेषु । तथापि
युनस्को ( UNESCO) इति अन्ताराष्ट्रसभायाः
अङ्गीकारःप्रथमं कूटियाट्टस्य कृते एव लब्धः ।
तादृशं किं वैशिष्ट्यम् अस्ति अस्य ?

ഭാരതത്തിൽ ധാരാളം കലകളുണ്ട്.എങ്കിലും
യുനസ്കോ എന്ന അന്താരാഷ്ട്രസഭയുടെ
അംഗീകാരം ആദ്യം ലഭിച്ചത്
കൂടിയാട്ടത്തിനാണല്ലോ. അത്തരത്തിൽ
എന്ത് സവിശേഷതയാണ്




समीचीनम् । भाति ममैवम् । यत् अस्याः कलायाः पौराणिकता,
अधुनापि दृश्यमाना सजीवता,तथा अस्यां निहिता
विज्ञानपरम्परा.सर्वोपि संस्कृतस्य माहात्म्यं च ।

നന്നായിരിക്കുന്നു.എനിക്കും അങ്ങനെ തോന്നി.
എന്തെന്നാൽ ഈ കലയുടെ പൗരാണികത,
ഇന്നും കാണപ്പെടുന്ന സജീവത,അതുപ്പോലെ ഇതിൽ
ഒളിഞ്ഞിരിക്കുന്ന വിജ്ഞാനപരമ്പര,എല്ലാററിലുമുപരി
സംസ്കൃതത്തിൻെറ മാഹാത്മ്യവും.




भारतीयकलासु अस्यामेव संस्कृतमवशिष्यते किल ।
ഭാരതീയകലകളിൽ ഇതിൽതന്നെയാണല്ലോ
സംസ്കൃതം അവശേഷിക്കുന്നത്.

न न , कृष्णनाट्टमपि संस्कृतकलारूपमेव । पूर्वं
यक्षगानं,आङ्गियनाट् इत्यादीनां बहूनां कलारूपाणां
संस्कृतमेवासीत् आधारः । अतीतेषु कालेषु सर्वे
संस्कृतं त्यक्त्वा प्रादेशिकभाषां स्वीकृतवन्तः ।
कूटियाट्टे तु संस्कृतरूपकाण्येव अधुनापि अभिनीयन्ते ।
അല്ല അല്ല , കൃഷ്ണനാട്ടവും സംസ്കൃതകലാരൂപം
തന്നെ. മുമ്പ് യക്ഷഗാനം , ആംഗിയനാട് തുടങ്ങിയ
ധാരാളം കലാരൂപങ്ങളുടെ ആധാരം സംസ്കൃതം
തന്നെയായിരുന്നു. കാലം കടന്നുപോയപ്പോൾ
എല്ലാവരും സംസ്കൃതമുപേക്ഷിച്ച്പ്രാദേശികഭാഷ
സ്വീകരിച്ചു. കൂടിയാട്ടത്തിലാകട്ടെ സംസ്കൃത
രൂപകങ്ങളാണ് ഇപ്പോഴും അഭിനയിക്കുന്നത്.






केरले विद्यमानस्य रूपकाभिनयस्य
कूटियाट्टस्य आस्वादने  जनाः उत्सुकाः वा ?

കേരളത്തിൽ ഉള്ളതായ രൂപകാഭിനയമായ
കൂടിയാട്ടത്തിന്റെ ആസ്വാദനത്തിൽ
ജനങ്ങൾ ഉത്സുകരാണോ?

अधिकाः न सन्ति । द्विसहस्रवर्षेभ्यः
पूर्वं आरब्धं इदं अद्यापि सजीवं इत्येव
अस्य वैशिष्ट्यम् । केरलेषु भारतेषु च न ,
विदेशेष्वपि संस्कृतनाट्योपयोगःअयं
प्रसृतः इत्यपि श्रद्धेयमेव ।

അധികമാരുമില്ല. 2000 വർഷങ്ങൾക്കു മുമ്പ്
ആരംഭിച്ച ഇത് ഇന്നും സജീവമായി
നില്ക്കുന്നു എന്നതാണ് ഇതിന്റെ വൈശിഷ്ട്യം.
കേരളത്തിലും ഭാരതത്തിലും മാത്രമല്ല ,
വിദേശങ്ങളിലും സംസ്കൃതനാട്യോപയോഗമായ
ഇത് വ്യാപിക്കുന്നുണ്ട് എന്നത്  ശ്രദ്ധേയമാണ് .






विदेशीयानाम् अस्मिन् का प्रतिपत्तिः?

വിദേശീയർക്ക് ഇതിലെന്താണ് പ്രതിപത്തി?

नाट्यसङ्केतेषु अभिनये च भवति तेषां श्रद्धा ।
विदेशीयेषु  विश्वविद्यालयेषु बहुत्र अनुसन्धानमपि
कूटियाट्टमधिकृत्य प्रचलति ।

നാട്യസങ്കേതങ്ങളിൽ അഭിനയത്തിലാണ്
അവരുടെ ശ്രദ്ധ.വിദേശത്തുള്ള വിശ്വ
വിദ്യാലയങ്ങളിൽ പലയിടത്തും സൂക്ഷ്മാന്വേഷ
ണം(Research)കൂടിയാട്ടത്തെക്കുറിച്ച് നടക്കുന്നു.






केरलेषु कूटियाट्टं पठितुं अवसरः कुत्र अस्ति ।
കേരളത്തിൽ കൂടിയാട്ടം പഠിക്കുന്നതിനുള്ള
അവസരം എവിടെയൊണുള്ളത്.?

केन्द्रसङ्गीतनाटक- अक्कादमीद्वारा अष्टसु स्थानेषु
कूटियाट्टं पाठयति । तद्वत् केरलकलामण्डले अपि
पठितुम् अवसरः अस्ति । बहवः अत्र आगच्छन्ति ।
पठन्ति च ।
കേന്ദ്രസംഗീതനാടക അക്കാദമി വഴി
എട്ട് സ്ഥാനങ്ങളിൽസകൂടിയാട്ടം പഠിപ്പിക്കുന്നു.
അതുപോലെ കേരളകലാമണ്ഡലത്തിലും
പഠിക്കുന്നതിന് അവസരമുണ്ട് . ധാരാളംപേർ
ഇവിടെ വരുന്നു. പഠിക്കുകയും ചെയ്യുന്നു .






अध्येतुं कियान् कालः अपेक्ष्यते?

പഠിക്കുന്നതിന് എത്രകാലമെടുക്കും?

वस्तुतः पूर्णं जन्म आवश्यकम् । उक्तं खलु भरतेन-

" एकस्यापि न वै शक्तं अन्तं ज्ञानार्णवस्य हि ।
गन्तुं किं पुनरन्येषां ज्ञानानाम् अर्थतत्वतः । ।”

വാസ്തവത്തിൽ ഒരു ജന്മം മുഴവൻ ആവശ്യമാണ്.
ഭരതനാൽ ഇപ്രകാരം പറഞ്ഞിട്ടുണ്ടല്ലോ.
"ആർക്കും തന്നെ ജ്ഞാനമാകുന്ന സമുദ്രത്തിൻെറ
അവസാനം കാണാൻ സാധിക്കില്ല.അർത്ഥതത്വ
ത്തോടുകൂടി ഈ ജ്ഞാനത്തിലെത്താൻ
ആർക്ക് സാധിക്കും.”






एवं बहुज्ञानसम्पूर्णस्य नाट्यस्य समग्राध्ययनम् एकेन जन्मना न शक्यम् । तथापि षट्भिः अष्टभिर्वा वर्षैःकूटियाट्टप्रयोगस्य अधीतिरिति प्रथमसोपानम् अधिरोढुं शक्यते ।

पुनः बोधाचरणप्रचारणैरेव नाट्यविद्येयं पूर्णा भवति ।

आधुनिके काले भवत्सु कति एतादृशाध्ययनार्थं सन्नद्धाः?

ഇപ്രകാരം വളരെ ജ്ഞാനസമ്പൂർണമായ നാട്യത്തിൻെറ സമഗ്രാധ്യയനം ഒരുജന്മംകൊണ്ട് സാധ്യമല്ല.എന്നാലും ആറോ എട്ടോ വർഷം കൊണ്ട് കൂടിയാട്ടപ്രയോഗത്തിൻെറ പഠനത്തിൽ ആദ്യപടി കയറുന്നതിന് സാധിക്കുന്നു.വീണ്ടും ബോധാചരണ പ്രചരണംകൊണ്ട് നാട്യവിദ്യ യായ ഇത് പൂർണമാകുന്നു .ആധുനികകാലത്ത് നിങ്ങളിൽ എത്രപേർ ഇത്തരത്തിലുള്ളപഠനത്തിന് തയ്യാറാകും.?






वयं सर्वे तत्पराः स्मः । भवादृशानां जीवनं तदर्थं
मार्गनिर्देशकं भवतु । स्वस्ति साघयामो वयम् ।
ഞങ്ങൾ എല്ലാവരും തത്പരരാണ്. അങ്ങയെ
പ്പോലുള്ളവരുടെ ജീവിതം അതിനു
വേണ്ടിയുള്ള മാർഗനിർദേശകമായി
ഭവിക്കട്ടെ. സ്വസ്തി. ഞങ്ങൾ
അനുഗ്രഹീതരായി .




स्वस्त्यस्तु वः ।
നിങ്ങൾക്ക് സുഖമായി ഭവിക്കട്ടെ .